## പതിമൂന്നാം കേരള നിയമ സഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 624 — 09-02-2016-ൽ മറുപടിക്ക്.

## അക്ഷയ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.<br>1 . തിരുവനന്തപുരം - 136<br>2. . കൊല്ലം - 57<br>3. ആലപ്പുഴ - 110<br>4. പത്തനംതിട്ട -37<br>5. കോട്ടയം - 89<br>6 ഇടുക്കി -49<br>7. എറണാകുളം - 151<br>8. തൃശ്ശൂർ - 3<br>9. പാലക്കാട് - 0<br>10. മലപ്പുറം - 130<br>11. കോഴിക്കോട് - 39<br>12. വയനാട് - 5<br>13. കണ്ണൂര് - 7<br>14. കാസർഗോഡ്- 50 |

| | | | |
|---|---|---|---|
| | | | അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രമേയത്തിന്റെ അടി സ്ഥാനത്തിലാണ്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായും, കോർപ്പറേഷന്റെ പ്രമേയവും അനുസരിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്.2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 2 കി.മി. ദൂര പരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ത്രിതല തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് (ആപ്ളിക്കേഷൻ സ്ക്രീനിംഗ്, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ) അക്ഷയ സംരഭംകരെ തിരഞ്ഞെടുക്കുന്നത്. പ്ലസ് ടു വോ തത്തുല്യ യോഗ്യതയുള്ള 18 വയസ്സ് പൂർത്തിയാക്കിയ ആർക്കു വേണമെങ്കിലും ഇതിനായി അപേക്ഷി ക്കാവുന്നതാണ്. അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി കുറഞ്ഞത് 300sq ft ;ചുറ്റളവുള്ള ഒരു മുറിയും, 3 കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, ഇന്റർനെറ്റ് കണക്ഷനും തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് |

| | | | |
|---|---|---|---|
| | | | ഉണ്ടായിരിക്കേണ്ടതാണ്. ഒരു അക്ഷയകേന്ദ്രം റദ്ദുചെയ്യുന്നതും അതിന്റെ ലൊക്കേഷൻ മാറ്റുന്നതിന് അനുമതി നൽകുന്നതും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ്. സംരംഭക തിരഞ്ഞെടുപ്പിന്റെ ഇന്റർവ്യൂ ബോർഡിൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ അംഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ